**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1725** **02-02-2024 - ൽ മറുപടിയ്ക്ക്**

**കാർഷിക സർവകലാശാലയുടെ ഭൂമി വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറുന്നത്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക സർവകലാശാലയുടെ കീഴിൽ മണ്ണുത്തിയിലുള്ള 45 ഏക്കർ ഭൂമി വെറ്ററിനറി സർവകലാശാലയ്ക്ക് കൈമാറുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ച് എന്തൊക്കെ നടപടിക്രമങ്ങളാണ് ഇതിനോടകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല. |
| (ബി) | ഈ ഭൂമി കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഭൂവിസ്തൃതി കണക്കാക്കി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023-ൽ 47 തൊഴിലാളികളെ സ്ഥിരപ്പെടുത്തുകയും 62 താല്കാലിക തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് അറിയിക്കാമോ; | (ബി) | മണ്ണുത്തി കാർഷിക ഗവേഷണ കേന്ദ്രത്തിൽ 2023 വർഷത്തിൽ 46 കാഷ്വൽ തൊഴിലാളികളെ സ്ഥിരം തൊഴിലാളികളായി നിയമിച്ചു. കൂടാതെ, 60കാഷ്വൽ തൊഴിലാളികളെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ടി കേന്ദ്രത്തിൽ 48 സ്ഥിരം തൊഴിലാളികളും,61 കാഷ്വൽ തൊഴിലാളികളും ജോലി ചെയ്തു വരുന്നു. |
| (സി) | വെറ്ററിനറി സർവകലാശാലയ്ക്ക് ഭൂമി കൈമാറുന്നത് സംബന്ധിച്ച് കാർഷിക സർവകലാശാല നേരത്തെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാലയുടെ 2011 ലെ ആക്ട് 3 ലെ ഷെഡ്യൂൾ പ്രകാരം കൈമാറേണ്ട 20 സ്ഥാപനങ്ങൾ കേരള കാർഷിക സർവകലാശാല കൈമാറിയിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയുടെ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടതായ സാഹചര്യം നിലവിൽ ഇല്ല. |
| (ഡി) | ഈ ഭൂമി കൈമാറിയാൽ കാർഷിക സർവകലാശാലയുടെ നൂറുകണക്കിന് ജീവനക്കാർ ജോലി ചെയ്യുന്ന ഏഴോളം സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ട സാഹചര്യം ഉണ്ടാകുമോ; വിശദമാക്കുമോ; | (ഡി) | കേരള വെറ്ററിനറി & അനിമൽ സയൻസ് സർവ്വകലാശാലയുടെ 2011 ലെ ആക്ട് 3 ലെ ഷെഡ്യൂൾ പ്രകാരം കൈമാറേണ്ട 20 സ്ഥാപനങ്ങൾ കേരള കാർഷിക സർവകലാശാല കൈമാറിയിട്ടുണ്ട്. കേരള കാർഷിക സർവകലാശാലയുടെ ഭൂമി കൈമാറുന്നതിനുള്ള തീരുമാനം കൈക്കൊണ്ടിട്ടില്ലാത്ത സാഹചര്യത്തിൽ സ്ഥാപനങ്ങൾ അടച്ചുപൂട്ടേണ്ടതായ സാഹചര്യം നിലവിൽ ഇല്ല. |

| | | | |
|---|---|---|---|
| (ഇ) | എങ്കിൽ ഈ ഭൂമി കൈമാറുന്നതിനായി നടപടികൾ സ്വീകരിക്കാൻ ഉണ്ടായ സാഹചര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഇ) | വെറ്ററിനറി സർവകലാശാല കൂടുതൽ ഭൂമി കാർഷിക സർവ്വകലാശാലയിൽ നിന്നും ആവശ്യപ്പെട്ടിരിക്കുന്ന വിഷയം സംബന്ധിയായ ഫയൽ സർക്കാരിന്റെ പരിശോധനയിൽ ഉള്ളതാണ്. |

സെക്ഷൻ ഓഫീസർ